FOR FMIS

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.12.12.2019

## അരീക്കക്കാവ് തടി ഡിപ്പോയിൽ മണൽ ലേലം

പുനലൂർ ഡിവിഷനു കീഴിലുള്ള അരീക്കക്കാവ് തടി ഡിപ്പോയിൽ വിൽപ്പനക്കായി ശേഖരിച്ചിരിക്കുന്ന പമ്പ മണൽ ഇ-ലേലം ചെയ്യുന്നു. 10 ക്യൂബിക് മീറ്ററിന്റെ 40 ലോട്ടുകളും 5 ക്യൂബിക് മീറ്ററിന്റെ 15 ലോട്ടുകളും ഒരു ക്യൂബിക് മീറ്ററിന്റെ 25 ലോട്ടുകളുമാണ് ലേലം ചെയ്യുക. കെട്ടിടനിർമ്മാണ പ്രവർത്തികൾക്കും ലാൻസ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇ-ലേല നടപടികൾക്കായി നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് ലേലത്തിൽ പങ്കെടുക്കുക്കാം.

2020 ജനുവരി 27,28, ഫെബ്രുവരി 6,18, മാർച്ച് 11,20 ഏപ്രിൽ 8,16, മെയ് 5,18, ജൂൺ 11,22 ജൂലൈ 8,22, ആഗസ്റ്റ് 5,17, സെപ്റ്റംബർ 9,17, ഒക്ടോബർ 6,20, നവംബർ 5,18, ഡിസംബർ 3,17 തീയതികളിലാണ് ലേലം നടത്തുക. കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി.യുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും.

പുനലൂർ തടി ഡിപ്പോയിലെ 0475- 2222617, അരീക്കക്കാവ് തടി ഡിപ്പോയിലെ 8547600535 എന്നീ നമ്പറുകളിലും വിവരങ്ങൾ അറിയാം.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ